# ജില്ലാ പഞ്ചായത്ത്, പാലക്കാട്

## <u>വിജയശ്രീ പദ്ധതി (2016-17)</u>

## പ്രവർത്തന കലണ്ടർ

**(First Term)**

---

## ജൂൺ 2016

1. **ടാർജറ്റ് ഗ്രൂപ്പ് നിർണ്ണയം:**

എഴുത്തിലും വായനയിലും ഏറ്റവും പിറകിൽ നിൽക്കുന്ന കുട്ടികൾ( ഇത് ആകെയുള്ള കുട്ടികളുടെ പത്തു ശതമാനത്തിൽ താഴെ മാത്രമേ ഉണ്ടാകാൻ സാദ്ധ്യതയുള്ളൂ) - ജൂൺ ആദ്യവാരം

2. **സി.ആർ.ജി. രൂപവൽക്കരണം**

(ഓരോ ക്ലാസ് ഡിവിഷനിലും 5 പേരിൽ കൂടാത്ത കുട്ടികളുടെ ക്ലാസ് റിസോഴ്സ് ഗ്രൂപ്പ് - ഇതിൽ വ്യത്യസ്ത നിലവാരത്തിലുള്ള വിദ്യാർത്ഥികളാകണം.)- ജൂൺ 20നകം

3. **പഠന വിഭവ നിർമ്മാണം**

(ഓരോ വിഷയത്തിലും)- ഓരോ അധ്യായവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സബ്ജക്ട് കൗൺസിലുകൾ തയ്യാറാക്കുന്നു. മൂന്നു ലവലുകളിലുള്ള വിഭവങ്ങൾ തയ്യാറാക്കണം -

**എ-ലെവൽ** - ഏറ്റവും പിറകിലുള്ളവർക്കായി

**ബി-ലെവൽ** - ശരാശരി വിദ്യാർത്ഥികൾക്കായി

**സി-ലെവൽ** - മെച്ചപ്പെട്ട വിദ്യാർത്ഥികൾക്കായി

ആദ്യ മൊഡ്യൂൾ ജൂൺ 30 നകം

4. **പത്താം ക്ലാസ്സ് സി.പി.ടി.എ**

- ജൂൺ 15 നകം

5. **ഗൃഹസന്ദർശനം**

ഏറ്റവും പിറകിൽ നിൽക്കുന്ന വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം - ജൂൺ 25 നകം

6. **രക്ഷിതാക്കളുടെ യോഗം**

ഏറ്റവും പിറകിലുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ യോഗം– ജൂൺ 30നകം ( ഈ യോഗത്തിൽ പി.ടി.എ. , എൽ.എസ്.ജി. എസ്.ആർ.ജി. അംഗങ്ങളെയും ക്ലാസ് അദ്ധ്യാപകരെയും പങ്കെടുപ്പിക്കണം )

## ജൂലൈ 2016

7. **സി.ആർ.ജി. ഓപ്പൻ ക്ലിനിക്ക്**

ഓരോ സി.ആർ.ജി. ഗ്രൂപ്പ് അതാതു വിഷയത്തിൽ ഒരുമാസക്കാലത്തെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട സംശയങ്ങൾ എഴുതി തയ്യാറാക്കി ബന്ധപ്പെട്ട ടീച്ചർമാർക്ക് നൽകുന്നു.

ഓരോ ഗ്രൂപ്പിൻെറയും പ്രശ്നങ്ങളും അതിനുള്ള പരിഹാരങ്ങളും ക്ലാസ്സിൽ ടീച്ചറുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നു.
ഒരു ഗ്രൂപ്പിൻെറ സംശയങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ മറ്റു സി.ആർ.ജി. ഗ്രൂപ്പുകാർക്കു പറയാനും എഴുതിത്തരാനും ഉള്ള അവസരം നൽകണം – ജൂലൈ 10നകം

8. **സബ്ജക്ട് കൗൺസിലുകൾ**

സബ്ജക്ട് കൗൺസിലുകൾ തയ്യാറാക്കിയ എ, ബി. സി. പഠന വിഭവങ്ങൾ ഓരോ ഗ്രൂപ്പിനും നൽകുന്നു.

സി.ആർ.ജി. ഗ്രൂപ്പിൻെറ കണ്ടെത്തലുകൾ/പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. –ജൂലൈ 15 നകം

9. **ഒന്നാം നിലനിർണ്ണയ പരീക്ഷ**

ജൂലൈ 15 നകം നടത്തിയ പ്രവർത്തനങ്ങളുടെ നിലനിർണ്ണയം

ഇതിനാവശ്യമായ ടൂൾ ഡയറ്റ് തയ്യാറാക്കുന്നു. – ജൂലൈ 25 നകം

ഒന്നാം നിലനിർണ്ണയ പരീക്ഷ – ജൂലൈ 25 30

റിസൽട്ട് ഹരിശ്രീ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ – ആഗസ്റ്റ് –5നകം

10. **ശിൽപശാല**

വിജയശ്രീ സ്കൂൾ കോ–ഓർഡിനേറ്റർമാരുടെ ജില്ലാതല ശിൽപശാല – ജൂലൈ 10 നകം

11. **ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാരുടെ ജില്ലാ തല യോഗം – ജൂലൈ 15 നകം**

12. **മോണിംഗ് ക്ലാസുകൾ**

പാഠഭാഗങ്ങൾ തീർക്കുന്നതിനു് 9 മുതൽ 10 വരെയുള്ള ക്ലാസുകൾ - ജൂലൈ 1 മുതൽ

**13. ഫുൾ എ പ്ലസ് ടാർജറ്റ് ഗ്രൂപ്പ് രൂപീകരണം - ജൂലൈ 15 നകം**

കുട്ടികളുടെ പഠന നിലവാരവുമായി ബന്ധപ്പെട്ട് പൊതുവയി 3 ഗ്രൂപ്പുകളാക്കി തിരിക്കാം

**ഏറ്റവും പിറകിലുള്ള കുട്ടികൾ - എ ഗ്രൂപ്പ്**

**ശരാശരി കുട്ടികൾ - ബി ഗ്രൂപ്പ്**

**മെച്ചപ്പെട്ട കുട്ടികൾ - സി. ഗ്രൂപ്പ്** -ജൂലൈ 15 നകം

**14. സബ്ജക്ട് കൗൺസിൽ ടാർജറ്റ് ഗ്രൂപ്പ്**

ഓരോ ടീച്ചറും തയ്യാറാക്കേണ്ട രേഖ

ഒരോ വിഷയത്തിലും എ, ബി, സി. ഗ്രൂപ്പിൽ പെട്ട കുട്ടികൾ ആരെല്ലാം ?

ഇവർക്ക് എന്തെല്ലാം പ്രത്യേക പ്രവർത്തനങ്ങൾ നൽകിവരുന്നു ?

എന്നീ കാര്യങ്ങൾ രേഖപ്പെടൂത്തണം

**15. എ ഗ്രൂപ്പ് ടാർജറ്റ് വിദ്യാർത്ഥികൾക്കുള്ള മോട്ടിവേഷൻ പ്രോഗ്രാം- ജൂലൈ 30നകം**

**16. സബ്ജില്ലാ തലമോണിറ്ററിംഗ് -ജൂലൈ 30 നകം**

**17. എ ഗ്രൂപ്പ് വിദ്യാർത്ഥികൾക്കുള്ള അധിക സമയ പഠന പ്രവർത്തനങ്ങൾ**

ഈവനിംഗ് ക്ലാസ്സുകൾ

മൾട്ടിമീഡിയ ക്ലാസുകൾ

ശാസ്ത്ര -ഗണിത ശാസ്ത്ര-സാമൂഹിക ശാസ്ത്ര ലാബ് പ്രവർത്തനങ്ങൾ

ഡിബേറ്റുകൾ

ക്ലിനിക്കുകൾ - ജൂലൈ 1 മുതൽ

**18. ബി,സി, വിഭാഗം കുട്ടികൾക്കുള്ള ലേണിംഗ് മെറ്റീരിയൽ തയ്യാറാക്കൽ**

(സബ്ജക്ട് കൗൺസിലുകൾ) ജൂലൈ 31 നകം

**19. ബി,സി, ഗ്രൂപ്പുകാർക്ക് അധിക സമയ പഠന പ്രവർത്തനങ്ങൾ**

ബി ഗ്രൂപ്പുകാർക്ക് ആഴ്ചയിൽ 2 ദിവസം

സി ഗ്രൂപ്പുകാർക്ക് ആഴ്ചയിൽ 2 ദിവസം (4 മുതൽ 5 വരെ- തിങ്കൾ മുതൽ വ്യാഴം വരെ)

## ആഗസ്റ്റ് 2016

**20. സി.ആർ.ജി. ലീഡർമാരുടെ പ്രവർത്തനാവലോകന റിപ്പോർട്ട്**

ഇതിനായി ഒരു ഫോർമാറ്റ് തയാറാക്കണം- ചോദ്യാവലി രൂപത്തിൽ ആവാം

ഇതിൽ ദൈനം ദിന പ്രവർത്തനങ്ങളിൽ വളരെ പിറകിൽ നിൽക്കുന്നവർ, വായന, എഴുത്ത് എന്നിവയിൽ പ്രത്യേക സഹായം വേണ്ടവർ എന്നിവരെ കണ്ടെത്താനും തുടർപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാനും കഴിയണം

ക്ലാസ് തല പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും വിലയിരുത്താൻ ശ്രമിക്കണം.

സി.ആർ.ജി. ലീഡർമാരുടെ ഡിവിഷൻ തലത്തിൽ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഒരു ഡിവിഷനിൽ നിന്നും ഒരു ലീഡർ പങ്കെടുത്തുകൊണ്ടുള്ള സി.ആർ.ജി. അവലോകനം എസ്. ആർ.ജി യുടെ നേതൃത്വത്തിൽ മാസത്തിൽ ഒരു ദിവസമെങ്കിലും ചേരാൻ ശ്രമിക്കണം

**21. ടീച്ചർ അഡോപ്റ്റഡ് ഗ്രൂപ്പ് ("ടാഗ്" ) രൂപീകരണം**

എ ഗ്രൂപ്പിലെ എല്ലാ കുട്ടികളുടെയും ദൈനംദിന പഠനപ്രവർത്തനങ്ങൾ വ്യക്തിപരമായി അന്വേഷിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും

എല്ലാ അദ്ധ്യാപകർക്കും ചുമതല ഒരു ടീച്ചർ രണ്ടോ മൂന്നോ കുട്ടികളുടെ ചുമതല ഏൽക്കുന്നു

അവരുടെ ഗൃഹസന്ദർശനം നടത്തുന്നു.

രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെടുന്നു. ആഗസ്റ്റ് 15 നകം

**22. രണ്ടാം നിലനിർണ്ണയ പരീക്ഷകൾ ആഗസ്റ്റ് 31 നകം**
**23. എല്ലാ കോർ-സബ്ജക്ടുകൾക്കും മലയാളം , ഹിന്ദി എന്നീ വിഷയങ്ങളിലും ഡിജിറ്റൽ ക്ലാസ് റൂം പഠന വിഭവങ്ങൾ തയ്യാറാക്കൽ- (ഐ.ടി. സ്കൂൾ ആർ.പി. മാർ ,ഡയറ്റ് എന്നിവരുടെ കൂട്ടായ്മയിൽ) --------ആഗസ്റ്റ് 31 നകം**

## സെപ്തംബർ

24. റിസൽട്ട് ഹരിശ്രീ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ സെപ്തംബർ –5നകം
25. ഗണിതം, സാമൂഹിക ശാസ്ത്രം, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിൽ എ പ്ലസ് മെറ്റീരിയൽ തയ്യാറാക്കൽ –ജില്ലാതലം – ഡയറ്റ് ----------- സെപ്തംബർ –15നകം
26. വിജയശ്രീ ജില്ലാതല അവലോകനയോഗം സെപ്തംബർ 20 നകം
27. വിജയശ്രീ സബ്ജില്ലാതല അവലോകനയോഗം സെപ്തംബർ 10 നകം
28. ബി, സി, ടാർജറ്റ് ഗ്രൂപ്പ് കാർക്കുള്ള സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകൾ (ആഴ്ചയിൽ രണ്ടു ദിവസം “ബി” ഗ്രൂപ്പിനും രണ്ടു ദിവസം “സി” ഗ്രൂപ്പിനും)
29. സെപ്തംബർ 19 മുതൽ ക്ലാസ് പി.ടി.എ. (സപ്തംബർ 26 മുതൽ 30) വരെ ( എ, ബി, സി, ഗ്രൂപ്പുകളിലെ രക്ഷിതാക്കളുടെ യോഗം പ്രത്യേകം മോഡ്യൂളുകൾ തയ്യാറാക്കി ചേരുകയാണു നല്ലത്. കുട്ടികൾക്കു നൽകേണ്ട പിന്തുണാ സംവിധാനങ്ങളെക്കുറിച്ച് പ്രത്യേകം ധാരണകൾ ഉണ്ടാക്കുകയും പരിപാടികൾ തയ്യാറാക്കുകയും വേണം. )

## ഒക്ടോബർ

30. സി.ആർ.ജി. ലീഡർമാർക്കുള്ള സബ്ജില്ലാ തല പരിശീലനം (ഒരു സ്കൂളിലെ ഒരു ഡിവിഷനിൽ നിന്നും ഒരു മികച്ച കുട്ടി എന്ന രീതിയിൽ പങ്കാളിത്തം) ഒക്ടോബർ 15 ശനി
31. ഒരു സബ്ജില്ലയിൽ നിന്നും രണ്ടു ആർ.പി മാർ എന്ന രീതിയിൽ ജില്ലാതലത്തിൽ 13 മേഖലകളിൽ നിന്നും 26 പേർക്ക സി.ആർ.ജി. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലനം ഒക്ടോബർ 7 നകം
32. എ. ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം നൽകിക്കൊണ്ട് കൂടുതൽ സമയം കോച്ചിംഗ്
33. മൂന്നാം നിലനിർണയ പരീക്ഷ ഒക്ടോബർ 24 മുതൽ 28 വരെ

## നവംബർ

34. മൂന്നാം നില നിർണയ പരീക്ഷ റിസൽട് അപ് ലോഡിംഗും റിസൽട് വിശകലനവും നവംബർ 5 നകം
35. ബി, സി ടാർജറ്റ് ഗ്രൂപ്പുകളുടെ പുനർ നിർണയം നവമ്പർ 15 നകം
36. പത്താം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു ദിവസത്തെ വിനോദയാത്ര( ക്ലാസ് ഡിവിഷനുകൾ അടിസ്ഥാനമാക്കി നടത്താം . സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും കഴിവുള്ള രക്ഷിതാക്കളും സ്പോൺസർ ചെയ്ത് അവരെ പങ്കെടുപ്പിക്കണം . വിജയശ്രീ വിനോദ യാത്ര നവംബർ 30 നകം

## ഡിസംബർ

37. പാഠഭാഗങ്ങളുടെ പൂർത്തീകരണം ഡിസംബർ 15 നകം
38. അർദ്ധ വാർഷിക പരീക്ഷ ഡിസംബർ 16 മുതൽ 22 വരെ
39. അവധിക്കാല സഹവാസ ക്യാമ്പ് – നാലു ദിവസം ഇതിൽ എ, ബി, സി ഗ്രൂപ്പുകാർക്ക് പ്രത്യേകം സംഘടിപ്പിക്കാം
40. റിവിഷൻ ടൈംടേബിൾ തയ്യാറാക്കൽ -------- ഡിസംബർ 31 നകം
41. എല്ലാ വിഷയങ്ങളിലും, എ, ബി, സി ഗ്രൂപ്പുകൾക്ക് പ്രത്യേകം പ്രത്യേകം റിവിഷൻ മെറ്റീരിയലുകൾ തയ്യാറാക്കൽ (തുടർമൂല്യ നിർണയത്തിനുള്ള വിഭവങ്ങൾ) ----- ഡിസംബർ 31 നകം

## ജനുവരി 2017

42. അർദ്ധവാർഷിക പരീക്ഷാ റിസൽട് ഹരിശ്രീ പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ
43. പ്രാദേശിക "പഠനവീട്" കളുടെ രൂപീകരണം ----- ജനുവരി 15 നകം
44. കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക കൂട്ടായ്മയിൽ പ്രാദേശിക "പഠനോത്സവങ്ങൾ" (അവധി ദിനങ്ങളിൽ ഒരുനേരം 4-5 മണിക്കൂർ നേരത്തെ പരിപാടികൾ (ചിത്രോത്സവം/വായനോത്സവം/കാവ്യോത്സവം/കഥയരങ്ങ്/അറിവരങ്ങ്/പരീക്ഷണോത്സവം/ ചോദ്യോത്തരപയറ്റ്/ വാചകമേള..... എന്നിങ്ങനെ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പരിപാടികൾ--- പ്രാദേശിക തലത്തിലുള്ള വിദഗ്ദ്ധരുടെയും അദ്ധ്യാപകരുടെയും സഹായത്തോടെ വിഭവങ്ങൾ തയ്യാറാക്കണം
45. പരീക്ഷാ ഭീതി മാറി "പരീക്ഷോത്സവത്തിലേക്ക്" (എല്ലാ വിദ്യാർത്ഥികൾക്കും ആത്മവിശ്വാസത്തോടെ പരീക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുതിനുള്ള ഫലപ്രദമായ കൗൺസലിംഗ്- ജനുവരി ആദ്യവാരത്തിൽ
46. സി.ആർ.ജി. കളുടെ നേതൃത്വത്തിൽ റിവിഷൻ പരീക്ഷകളും മൂല്യനിർണ്ണയവും ......... ജനുവരി 2 മുതൽ 31 വരെ (10 മണിമുതൽ നാലു മണിവരെ യുള്ള ക്ലാസുകളെ ഒരു മണിക്കൂർ വീതമുള്ള 5 സെഷനുകളാക്കി ഒരു ദിവസം 5 വിഷയങ്ങളിൽ പരീക്ഷയും അതാതു സമയത്തുതന്നെ കുട്ടികൾക്ക് സ്വയം മൂല്യനിർണ്ണയത്തിനുള്ള അവസരവും - ഒരാഴ്ചയിൽ 25 പരീക്ഷകൾ നാലു ആഴചകളിലായി ഏകദേശം 100 ടെസ്റ്റുകൾ
47. തുടർമൂല്യനിർണ്ണയത്തിൻെറ പരിഹാര ബോധന പ്രവർത്തനങ്ങൾ - രാവിലെയോ/വൈകീട്ടോ 2 മണിക്കൂർ സമയം (എ ഗ്രൂപ്പുകാർക്ക് എല്ലാ ദിവസവും ലഘുഭക്ഷണത്തോടെ ബി,സി, ഗ്രൂപ്പുകാർക്ക് ആഴചയിൽ 2 ദിവസം വീതം..... ജനുവരി 2 മുതൽ 31 വരെ
48. കണക്ക്, ഇംഗ്ലീഷ്, സോഷ്യൽ സയൻസ് എന്നീ രണ്ടര മണിക്കൂർ നേരം എഴുതേണ്ട പരീക്ഷകൾക്ക് ജനുവരി അവസാനത്തെ ആഴ്ചകളിൽ 3 ശനിയാഴ്ചകളായി പ്രീ മോഡൽ പരീക്ഷകൾ

## ഫെബ്രുവരി 2017

49. മോഡൽ പരീക്ഷ ഫെബ്രുവരി 2 മുതൽ 12 വരെ (ഓരോ പരീക്ഷയ്ക്കു മുമ്പും എ ഗ്രൂപ്പിലെ കുട്ടികൾക്ക് 2-3 മണിക്കൂർ പരീക്ഷക്കാവശ്യമായ സഹായം നൽകുന്നു )
50. മോഡൽ പരീക്ഷാ റിസൽട് അവലോകനം വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ
51. അതാതു വിഷയങ്ങളിൽ സി ഗ്രേഡ് ലഭിക്കാത്ത (സി.ഇ. സ്കോർ ചേർത്തതിനുശേഷം) കുട്ടികളുടെ സബ്ജക്ട് ടാർജറ്റ് ഗ്രൂപ്പ് രൂപീകരിച്ച് ബന്ധപ്പെട്ട സബ്ജക്ട് കൗൺസിലുകളുടെ നേതൃത്വത്തിൽ ക്യാമ്പ് കോച്ചിംഗ്/നൈറ്റ് ക്യാമ്പ്..... ഫെബ്രുവരി 15 മുതൽ 28 വരെ
52. മൂന്ന് വിഷയങ്ങളിൽ മാത്രമായി എ പ്ലസ് കിട്ടാത്തകുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി അതാതു വിഷയങ്ങളിൽ പ്രത്യേക കോച്ചിംഗ് ..... ഫെബ്രുവരി 15 മുതൽ 28 വരെ
53. ബി ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് 10 മണി മുതൽ 4 മണിവരെ 5 സെഷനുകളായി പരിഹാര ബോധന പ്രവർത്തനങ്ങൾ

## മാർച്ച് 2017

54. എസ്.എസ്.എൽ. സി പൊതു പരീക്ഷ .......( പരീക്ഷ ദിനങ്ങളിൽ എ ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് രാവിലെ 9 മുതൽ 11.30 വരെ പ്രത്യേക സഹായം)

## “വിജയശ്രീ” (2016–2017)

### (ലക്ഷ്യങ്ങളും പരിപാടികളും)

**ലക്ഷ്യങ്ങൾ:**

- ജില്ലയിലെ 50 ശതമാനത്തിലധികം സ്കൂളുകളിൽ 100% വിജയം
- 2016 മാർച്ചിൽ വിജയ ശതമാനം ജില്ലാ ശരാശരിയേക്കാൾ (93.99%) കുറവും 90% നത്തിൽ കൂടുതലും ഉള്ള സ്കൂളുകളുടെ റിസൽട് 95% നു മുകളിൽ എത്തിക്കൽ
- 2016 മാർച്ചിൽ 90% ൽ താഴെയുള്ള സ്കൂളുകളുടെ വിജയശതമാനം 95% എത്തിക്കൽ
- എല്ലാ വിഷയങ്ങൾക്കും സി ഗ്രേഡിൽ കുറയാത്ത വിജയം
- 50% ൽ കൂടുതൽ കുട്ടികൾക്ക് ഓരോ വിഷയത്തിലും ബി ഗ്രേഡോ അതിനു മുകളിലോ ലഭിക്കൽ
- ഓരോ സ്കൂളിലും 10% വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് ലഭിക്കൽ
- എഴുത്തിലും വായനയിലും വളരെ പിറകിൽ നിൽക്കുന്ന പത്തു ശതമാനത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് അധികസമയ പഠന പ്രവർത്തനങ്ങളും പ്രത്യേക പിന്തുണാസംവിധാനങ്ങളും നൽകൽ
- ക്ലാസ്സ് റൂം പഠനപ്രവർത്തനങ്ങളിൽ കുട്ടികളുടെ കൂട്ടായ്മയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനു സി.ആർ.ജി(ക്ലാസ് റിസോഴ്സ് ഗ്രൂപ്പ്)യുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ
- തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങളും പരിഹാര പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുക
- “വിജയശ്രീ” പ്രവർത്തനങ്ങളുടെ ജില്ലാ /വിദ്യാഭ്യാസ ജില്ലാ/സബ്ജില്ല/സ്കൂൾ തല പ്രവർത്തനങ്ങളുടെ സമഗ്രമായ മോണിറ്ററിംഗ് സംവിധാനം ഔദ്യോഗിക തലത്തിലും സാമൂഹിക തലങ്ങളിലും ശക്തമാക്കുക

### അക്കാദമിക്ക് മികവു പദ്ധതികളും പിന്തുണാ സംവിധാനങ്ങളും

- പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾക്കാവശ്യമായ പ്രചോദിതാന്തരീക്ഷം (ക്ലാസ് റൂം/സ്കൂൾ/വീട്/സമൂഹം)
- കുട്ടികളുടെ ഭിന്നതല ശേഷികളുടെ കൂട്ടായ്മയും പാരസ്പര്യവും വ്യക്തിഗത മികവുകൾക്കായി
- വ്യത്യസ്ത പഠനനിലവാരത്തിലുള്ള കുട്ടികൾക്ക് ഭിന്നതല ക്ലാസ് റൂം അക്കാദമിക്ക് പ്രവർത്തനങ്ങളുടെ ആസൂത്രണം
- കുട്ടികളുടെ വൈകാരിക പ്രശ്നങ്ങൾ തിരിച്ചറിയുന്ന ടീച്ചർ
- ടീച്ചറിൽ ഒരു അക്കാദമിക്ക് രക്ഷാകർത്തൃത്വം കാണുന്ന വിദ്യാർത്ഥി
- പഠനവിഭവങ്ങൾ കണ്ടെത്താനും വിശകലനം ചെയ്യാനും ആവശ്യമായ ടീച്ചറുടെ കൈത്താങ്ങ്
- അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടിയെ തൊട്ടറിയുന്നതിലുള്ള പാരസ്പര്യം

- ഗാർഹികാന്തരീക്ഷത്തിൽ അച്ഛൻ, അമ്മ, മറ്റു അംഗങ്ങൾ എന്നിവർക്കിടയിൽ സ്നേഹത്തിൻെറയും സഹകരണത്തിൻെറയും സഹനത്തിൻെറയും പാഠ്യ പദ്ധതികളും കർമ്മപരിപാടികളും

**ഭിന്നതല ക്ലാസ് റൂം പ്രവർത്തനങ്ങൾ – അനിവാര്യതയും പ്രായോഗികതയും**

- ഓരോ വിദ്യാർത്ഥിക്കും വൈയക്തികമായ പഠന ശേഷീ തലങ്ങളുണ്ട് (അദ്ധ്യാപകർക്കും... )
- ഭിന്നാത്മക സ്വഭാവമുള്ള വ്യക്തിഗത ശേഷികളുടെ വിനിമയ സാധ്യതകൾ പഠന പ്രക്രിയയിൽ ഉൾച്ചേർക്കേണ്ടതുണ്ട്.
- "ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി വലിയൊരൊന്ന്" എന്ന ബഷീർ ദർശനം പഠനകൂട്ടായ്മയിൽ വളരെ പ്രസക്തമാകുന്നു.
- ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യ പകുതിയിൽ ഉയർന്ന വിഗോട്സ്കിയൻ ചിന്തകളായാലും അവസാന ദശകത്തിലെ ഗാർഡനർ സിദ്ധാന്തങ്ങളായാലും പഠന പ്രക്രിയയിൽ ബുദ്ധിപരമായ വികാസത്തിൽ വ്യക്തികളുടെ കൂട്ടായ്മയുടെ പങ്ക് എടുത്തു പറയുന്നു.
- …… *"The potential of a group is not the sum total of the potential of the individuals in the group . It is much more than the mathematical sum''*

**ക്ലാസിൽ എങ്ങിനെ പ്രായോഗികമാക്കാം ?**

- ഭിന്ന നിലവാരത്തിലുള്ള നാലോ അഞ്ചോ (അതിൽ കൂടരുത്) കുട്ടികളുടെ ഗ്രൂപ്
- ഒരു ക്ലാസ്സിൽ എട്ടോ ഒമ്പതോ ഗ്രൂപ്പുകൾ
- ഒരോ ഗ്രൂപ്പിനും ലീഡർമാർ
- ഒരോ ഗ്രൂപ്പിലെയും ഓരോ അംഗത്തിനു പ്രത്യേകം ചുമതലകൾ
- ഒരോ ഗ്രൂപ്പിനും ഒരേ ആശയവുമായി ബന്ധപ്പെട്ട വ്യത്യസ്ത നിലവാരത്തിലുള്ള പഠനപ്രവർത്തനങ്ങൾ ടീച്ചർ നൽകുന്നു
- ഓരോ ഗ്രൂപ്പിനും അവതരണത്തിനുള്ള അവസരം ഗ്രൂപ്പുകൾക്കിടയിൽ എഡിറ്റിംഗ് പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം മൂല്യനിർണ്ണയം നടത്തുന്നു.
- ഗ്രൂപ്പുകൾ പരസ്പരം മൂല്യ നിർണ്ണയം നടത്തുന്നു.
- പരിഹാര പ്രവർത്തനങ്ങളുടെ നിർദ്ദേശം പഠിതാക്കൾക്കിടയിൽ നിന്ന് തന്നെ
- തുടർമൂല്യ നിർണ്ണയ പ്രവർത്തനങ്ങൾക്കിടയിൽ പ്രസക്തമായ ടീച്ചേഴ്സ് വേർഷനുകൾ അവതരിപ്പിക്കുന്നു.

# "വിജയശ്രീ" മോണിറ്ററിംഗ്

**എന്ത് മോണിറ്റർ ചെയ്യണം ?**

- പ്രവർത്തന പരിപാടികൾ ലക്ഷ്യങ്ങൾക്കനുസരിച്ചു തന്നെയോ ?
- പ്രാദേശിക പ്രത്യേകതകൾ പരിഗണിക്കുന്നുണ്ടോ ?
- ഓരോ തലത്തിലും ഔദ്യോഗിക ചുമതലയുള്ളവർ പരിപാടികൾ സ്വാംശീകരിച്ചിട്ടുണ്ടോ ?
- ഓരോ പ്രവർത്തനത്തിനും പ്രത്യേകം ചുമതലക്കാർ ഉണ്ടോ ?
- സാമൂഹിക രക്ഷാകർത്തൃ പിന്തുണകൾ ലഭിക്കുന്നതിനുള്ള കൂട്ടായ്മകൾ ഉണ്ടോ ?
- പഠനത്തിൽ ഏറ്റവും പിറകിൽ നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ നിരന്തരം ലഭിക്കുന്നുണ്ടോ ?
- ഔദ്യോഗികമായി പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ജനപ്രതിനിധികളുടെ ശ്രദ്ധയിൽ പെടുത്തി പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ടോ ?
- പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണം നടത്തുന്നുണ്ടോ ?
- എല്ലാ വിദ്യാർത്ഥികളെയും പരിഗണിക്കുകയും സഹായിക്കുകയും ചെയ്യുന്ന വിധത്തിൽ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ?
- പ്രാദേശിക/സ്കൂൾ തലങ്ങളിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടോ ?

**മോണിറ്ററിംഗ് ഘടന എന്തായിരിക്കണം ?**

**ജില്ലാ തല മോണിറ്ററിംഗ് സമിതി**

കൺവീനർ: ഡപ്യൂട്ടി ഡയറകടർ ഓഫ് എഡ്യൂക്കേഷൻ
ചെയർമാൻ : വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ
അംഗങ്ങൾ: ഡയറ്റ് പ്രിൻസിപ്പൽ, ഡി.ഇ.ഒ.മാർ, ഡയറ്റ് ഫാക്കൽറ്റി, എസ്.എസ്.എ. ഡി.പി.ഒ, ആർ.എം.എസ്.എ. ഡി.പി.ഒ ഹരിശ്രീ വിജയശ്രീ കോ-ഓർഡിനേറ്റർമാർ വിദ്യാഭ്യാസ ജില്ല ഹെഡ്മസ്റ്റേഴ്സ് ഫോറം കൺവീനർമാർ

**വിദ്യാഭ്യാസ ജില്ലാ മോണിറ്ററിംഗ് സമിതി**

കൺവീനർ : ഡി.ഇ.ഒ
ചെയർമാൻ : ജില്ലാ പഞ്ചായത്ത് അംഗം
അംഗങ്ങൾ : ബ്ലോക്ക് പ്രസിഡൻറുമാർ, മുനിസിപ്പൽ ചെയർമാൻ, എ.ഇ.ഒ മാർ, വിദ്യാഭ്യാസ ജില്ലാ ഹെഡ്മാസ്റ്റേഴ്സ് ഫോറം ചുമതലക്കാർ

**സബ്ജില്ലാ മോണിറ്ററിംഗ് സമിതി**

കൺവീനർ :എ.ഇ.ഒ
ചെയർമാൻ : ജില്ലാ പഞ്ചായത്ത് അംഗം
അംഗങ്ങൾ: വിജയശ്രീ സബ്ജില്ലാ കോ-ഓർഡിനേറ്റർ, ഹെഡ്മാസ്റ്റേഴ്സ് പ്രതിനിധികൾ-3 പേർ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാരും വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ മാരും സ്കൂൾ വിജയശ്രീ കോ-ഓർഡിനേറ്റർമാർ

**സ്കൂൾ മോണിറ്ററിംഗ് സമിതി**

കൺവീനർ : പ്രഥമാധ്യാപകൻ
ചെയർമാൻ : വാർഡ് മെമ്പർ
അംഗങ്ങൾ : പി.ടി.എ./എം.ടി.എ. പ്രസിഡൻറുമാർ, മാനേജ്മെൻറ് പ്രതിനിധികൾ, വിജയശ്രീ കോ-ഓർഡിനേറ്റർമാർ എസ്. ആർ.ജി. കൺവീനർ

# പ്രതീഷിത ചെലവുകൾ

1. ജില്ലയിലെ 10% നത്തോളം വരുന്ന പഠനപ്രവർത്തനങ്ങളിൽ ഏറ്റവും പിറകിൽ നിൽക്കുന്ന കുട്ടികൾക്ക് അധികസമയ കോച്ചിംഗ് – ക്ലാസിൽ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം നൽകുന്നതിനുള്ള ചെലവ്

(ഒരു കുട്ടിക്ക് പരമാവധി ഒരു ദിവസം 15 രൂപ എന്ന തോതിൽ – ഏകദേശം 5000 കുട്ടികൾക്ക് 50 ദിവസത്തേക്ക് ആവശ്യമായ തുക) ----------------- **37,50,000/–**

2. വിവിധ വിഷയങ്ങളിൽ എ. ബി. സി, ലവലുകളിലുള്ള കുട്ടികൾക്ക് ഭിന്നതല പഠനവിഭവ നിർമ്മാണം (വർക്ക് ഷീറ്റുകൾ) – **75000/– രൂപ**

3. ഒരുസബ്ജില്ലക്ക് 5000 രൂപ പ്രകാരം സബ്ജില്ലാതല മോണിറ്ററിംഗ് ചെലവുകൾ **60000/-**

4. ജില്ലാതല റിസോഴ്സ് അധ്യാപക പരിശീലനം – **75000/–**

5. ജില്ലാതല മോണിറ്ററിംഗ് – **25000/–**

6. ഐ.ടി. അധിഷ്ഠിത പഠന വിഭവ നിർമ്മാണം – **50000/–**

## ആകെ പ്രതീഷിത ചെലവ് 40,35,000/–

.................................................................

# ജില്ലാ പഞ്ചായത്ത്
# പാലക്കാട്

(2016–17)

## ജനകീയാസൂത്രണ പദ്ധതി
## (വിദ്യാഭ്യാസം)

# "വിജയശ്രീ"

(എസ്.എസ്.എസ്.സി. വിജയനിലവാര വർദ്ധനവിനുള്ള പദ്ധതി)